"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് -തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക് ARD 353, ARD 125 - എന്നിവയുടെ ലൈസൻസുകൾ പുനഃസ്ഥാപിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.254/2024/F&CS തീയതി,തിരുവനന്തപുരം, 19-08-2024

---

പരാമർശം:-

1. ഭക്ഷ്യപൊതുവിതരണ (എ) വകുപ്പിന്റെ 27/10/2020-ലെ FCSD-A1/34/220-FCSD നം.അനൗദ്യോഗിക കുറിപ്പിനോടൊപ്പം ലഭ്യമായ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.12.2019 തീയതിയിലെ ഇ1/എസ്.സി. 58/റ്റി.എസ്.ആർ. 30450/2019 നമ്പർ കത്തും ഉള്ളടക്കവും.
2. തൃശ്ശൂർ താലൂക്ക് സപ്ളൈ ഓഫീസറുടെ 25/10/2022 ലെ TSOTSR/389/2022-CS6 നം. കത്ത്.
3. WP(C) 35262/2022മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 15.11.2022ലെ വിധിന്യായം
4. തൃശ്ശൂർ ജില്ലാ സപ്ളൈ ഓഫീസറുടെ 10.03.2023 ലെ DSOTSR/1141/2022-F5 നം. നടപടിക്രമം.
5. ശ്രീ.ജോർജ് തോമസ് തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫിസർക്ക് 14.02.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ
6. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 09.06.2023 തീയതിയിലെ CCS/1008/2021-D3 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസിൽ 15.10.2019-ൽ നടത്തിയ മിന്നൽ പരിശോധനയെത്തുടർന്നു ARD 353, ARD 125 നടത്തുന്നതിന് ഉചിതമായ സംവിധാനം ഏർപ്പെടുത്തണമെന്നും, ARD 353-ന്റെ മുൻ നടത്തിപ്പുകാരനായ ശ്രീ.ജോർജ് തോമസിന്റെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. താഴെ പറയുന്ന അപാകതകൾ പ്രധാനമായും

ചൂണ്ടിക്കാട്ടിയിരുന്നു.

1. ARD-353 റേഷൻ ഡിപ്പോ ശ്രീ.ജോർജ്ജ് തോമസ് എന്നയാളിൽ നിന്നും റദ്ദ് ചെയ്തുവെങ്കിലും, ടിയാൻ തന്നെയാണ് ഡിപ്പോ നടത്തിവന്നിരുന്നത്.
2. ARD-353 ഏല്പിച്ച് കൊടുത്ത ലൈസൻസി ശ്രീ.ബിജു.M.M ടി കടയുടെ നടത്തിപ്പ് ഏറ്റെടുത്തതായി ബോധ്യമാകുന്നില്ല.
3. ARD-353-ന്റെ മുൻ ലൈസൻസി ശ്രീ.ജോർജ്ജ് തോമസ് നിയമിച്ച സെയിൽസ് വുമൺ ശ്രീമതി പ്രിൻസി തന്നെയാണ് ഇപ്പോഴും തുടർന്ന് വരുന്നത്.
4. ARD 353 -ലെ Weighing Machine-ലെ ലീഗൽ മെട്രോളജി സ്റ്റാമ്പ് ചെയ്ത സീൽ പൊട്ടിച്ച നിലയിലും, മണ്ണെണ്ണയും റേഷൻ ധാന്യങ്ങളും ഒരേ റൂമിൽ തന്നെ സൂക്ഷിച്ച നിലയിലും കാണപ്പെട്ടു.

2. മേൽ കാരണങ്ങളാൽ ARD 353 നടത്തുന്നതിന് ശ്രീ.ജോർജ് തോമസിന് നൽകിയിരുന്ന അംഗീകാരം ജില്ലാ സപ്ലൈ ഓഫീസർ സ്ഥിരമായി റദ്ദ് ചെയ്യുകയും ആയത് നടപ്പിൽ വരുത്തുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകിയതിന്റടിസ്ഥാനത്തിൽ ടി ഉത്തരവ് നടപ്പിൽ വരുത്തുകയും ചെയ്തു. പ്രസ്തുത നടപടിയ്ക്കെതിരെ ലൈസൻസി ശ്രീ.ജോർജ് തോമസ് ബഹു.ഹൈക്കോടതിയിൽ WP(C) 35262/22 നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 15/11/2022 തീയതിയിലെ വിധിന്യായപ്രകാരം താലൂക്ക് സപ്ലൈ ഓഫീസറുടെ ഉത്തരവ് set aside ചെയ്തുകൊണ്ടും, പരാതിക്കാരനെ നേരിൽ കേട്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാനും ജില്ലാ സപ്ലൈ ഓഫീസറോട് നിർദേശിച്ചു കൊണ്ടും ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് നേർകാഴ്ച അനുവദിച്ച്, വിജിലൻസ് പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് റേഷൻ കടകൾ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിൽ, ടി കടകളുടെ ലൈസൻസ് പുന:സ്ഥാപിച്ച് നൽകുന്നതിനു സർക്കാർ അനുമതി വാങ്ങേണ്ടതാണ് എന്ന ഉത്തരവ് നിലനിൽക്കുന്നതിനാൽ, ലൈസൻസ് പുന:സ്ഥാപിച്ച് നൽകണമെന്ന അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്കായി നൽകുന്നതാണ്" എന്ന് ഉത്തരവാക്കി ജില്ലാ സപ്ലൈ ഓഫീസർ പരാമർശം (3) നടപടിക്രമം പുറപ്പെടുവിച്ച് ബഹു:കോടതി ഉത്തരവ് നടപ്പിൽ വരുത്തുകയും ശ്രീ ജോർജ് തോമസിന്റെ പരാമർശം (5) പ്രകാരമുള്ള അപേക്ഷ സർക്കാരിന്റെ തുടർനടപടികൾക്കായി ലഭ്യമാക്കുകയുമുണ്ടായി.

3. 15/10/2019 ൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ എ ആർ ഡി 353ൽ പരിശോധന നടത്തുന്ന സമയത്ത് ടി 353 നമ്പർ കട അറ്റാച്ച് ചെയ്തു പ്രവർത്തിച്ചിരുന്നത് എ ആർ ഡി 125 ലൈസൻസിയായ ശ്രീ. എം.എം. ബിജുവിന്റെ ഉടമസ്ഥതയിലാണ്. ഈ സമയം എആർഡി 353-ലെ വെയിങ് മെഷീന്റെ ലീഗൽ മെട്രോളജി സ്റ്റാമ്പ് ചെയ്ത സീൽ പൊട്ടിച്ച നിലയിലും, മണ്ണെണ്ണയും റേഷൻ ധാന്യങ്ങളും ഒരേ റൂമിൽ തന്നെ സൂക്ഷിച്ച നിലയിലും കാണപ്പെട്ടുവെന്നും മാത്രമല്ല പരിശോധന സമയം ബിജു റേഷൻകടയിൽ വരാറില്ലായെന്നും മുൻ ലൈസൻസിയുടെ സെയിൽസ് വുമൺ ആണ്

കടയിൽ ഉണ്ടായിരുന്നത് എന്ന കാരണത്താലുമാണ് 353-ന്റെ ചാർജ്ജ് ഉണ്ടായിരുന്ന എആർഡി 125ന്റെ ലൈസൻസിയായ ശ്രീ.എം.എം.ബിജുവിനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ലൈസൻസ് സസ്പെൻ്റ് ചെയ്തതിരുന്നത്.

4. ഹർജിക്കാരുടെ അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി 6/12/2023-ൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് അണ്ടർ സെക്രട്ടറി ഹർജ്ജിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. ARD 353-ന്റെ മുൻ ലൈസൻസിയായ ശ്രീ.ജോർജ് തോമസിന് വേണ്ടി അദ്ദേഹം ചുമതലപ്പെടുത്തിയ അഡ്വക്കേറ്റും, എആർഡി 125-ന്റെ മുൻ ലൈസൻസിയായ ശ്രീ.എം.എം.ബിജുവും ഹാജരായി. വിജിലൻസിന്റെ പരിശോധന നടന്ന സമയത്ത് തന്റെ ലൈസൻസ് റദ്ദ് ചെയ്തിരിക്കുകയായിരുന്നു എന്നും ആ സമയം എ.ആർ.ഡി 125 ലൈസൻസിയായിരുന്ന ശ്രീ എം.എം. ബിജുവിനായിരുന്നു എ.ആർ.ഡി 353 ന്റെ ചുമതല എന്നതിനാൽ സസ്പെൻഡ് ചെയ്തതിനു ശേഷവും ടി കടയുടെ നടത്തിപ്പ് ശ്രീ.ജോർജ് തോമസ് തന്നെയാണ് നടത്തിയിരുന്നത് എന്ന ആരോപണം അടിസ്ഥാന രഹിതമാണെന്ന് ഹിയറിങ്ങിനു ഹാജരായവർ വാദിച്ചു. ടി റേഷൻകട ജോർജ് തോമസിന്റെ തന്നെ കെട്ടിടത്തിൽ ആയിരുന്നു പ്രവർത്തിച്ചു വന്നിരുന്നത് എന്നതിനാലാണ് ഈ കടയുടെ സമീപത്ത് ഉണ്ടായിരുന്നത് എന്നും ബോധിപ്പിച്ചു. ഈ പോസ് മെഷീൻ പരിശോധിച്ചാൽ കൃത്യമായി അന്നേദിവസം ആർക്കാണ് കടയുടെ ചാർജ് ഉണ്ടായിരുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ് എന്നും അതിനാൽ തന്നെ കടയിലെ മറ്റു അപാകതകൾക്ക് ടിയാൻ ഉത്തരവാദി അല്ല എന്നും അറിയിച്ചു. എആർഡി 353 സസ്പെൻഡ് ചെയ്ത് തനിക്ക് ചുമതല നൽകാൻ തീരുമാനിച്ച സമയത്ത് തന്നെ, തന്റെ സാഹചര്യവും സ്ഥലപരിമിതിയെ കുറിച്ചും തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസറെ അറിയിച്ചിരുന്നു എന്നു ശ്രീ.ബിജുവും ബോധിപ്പിച്ചു. കടയിലെ സെയിൽസ് വുമൺ ആയിരുന്ന ശ്രീമതി പ്രിൻസി നിയമാനുസൃതം ഈ പോസ് മെഷീൻ കൈകാര്യം ചെയ്യാനുള്ള അനുവാദമുള്ള വ്യക്തി ആയിരുന്നു. 353-ാം നമ്പർ കടയിൽ മണ്ണെണ്ണ പ്രത്യേകം സൂക്ഷിക്കുന്നതിനുള്ള സൗകര്യം ചെയ്തു വരുന്നതേ ഉണ്ടായിരുന്നുള്ളുവെന്നും, ടി കടയുടെ എല്ലാ പ്രവർത്തനങ്ങളും നോക്കി നടത്തിയിരുന്നത് താൻ തന്നെയായിരുന്നു എന്നും ശ്രീ.ബിജു അറിയിച്ചു. വെയിംഗ് മെഷീനിലെ ലീഗൽ മെട്രോളജി വകുപ്പിന്റെ മുദ്ര കെട്ടിയിരുന്നത് ചെറിയ ലോഹ നൂൽ കൊണ്ടായിരുന്നു. എന്നാൽ വിജിലൻസിന്റെ പരിശോധന സമയത്ത് ഈ ലോഹമുദ്ര നഷ്ടപ്പെട്ടിരുന്നില്ല. ആയതിനാൽ സർക്കാരിനോ, കാർഡ് ഉടമകൾക്കോ നഷ്ടം വരുന്ന രീതിയിൽ ഒന്നും പ്രവർത്തിച്ചില്ല എന്നതിനാൽ തന്റെ സസ്പെൻഷൻ റദ്ദു ചെയ്തു ലൈസൻസ് പുനസ്ഥാപിക്കണമെന്ന് ടിയാൻ ബോധിപ്പിച്ചു. ഹർജിക്കാർ സമർപ്പിച്ച അപേക്ഷയുടെയും ഹർജ്ജിക്കാരെ നേരിൽ കേട്ടതിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെയും സിവിൽ സപ്ലൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെയും വിജിലൻസ് വകുപ്പിന്റെ ശുപാർശകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചു.

5. ARD 353-ന്റെ ലൈസൻസിയായിരുന്ന ശ്രീ ജോർജ് തോമസിനെതിരെയുള്ള വിജിലൻസിന്റെ പ്രധാന ആരോപണം, ടിയാളെ സസ്പെൻഡ് ചെയ്തതിനു ശേഷവും ടി കടയുടെ ദൈനംദിന കാര്യങ്ങൾ ഇടപെട്ടു എന്നുള്ളതാണ്. സസ്പെൻഷൻ നടപടികൾക്ക്

ശേഷം ഈ കട എആർഡി 125 ൽ അറ്റാച്ച് ചെയ്തു പ്രവർത്തിച്ചു വരികയായിരുന്നു. എആർഡി 125ന്റെ ലൈസൻസിക്ക് മാത്രമേ ടി കടയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുവാൻ കഴിയുകയുള്ളൂ. കൂടാതെ വിജിലൻസിന്റെ പരിശോധന സമയത്ത് ടി കടയുടെ സമീപത്തായി ജോർജ് തോമസിന്റെ സാമീപ്യം ഉണ്ടായിരുന്നു എന്നതുകൊണ്ട് മാത്രം ഇയാൾ ടി കടയുടെ ദൈനംദിന പ്രവർത്തികളിൽ ഇടപെട്ടു എന്ന് കരുതുവാൻ കഴിയുകയില്ല.

6. എആർഡി 353-ന്റെ ലൈസൻസ് സസ്പെൻഡ് ചെയ്ത സമയത്ത് കട അറ്റാച്ച് ചെയ്തു ചുമതല നൽകിയിരുന്നത് ARD 125ന്റെ ലൈസൻസിയായിരുന്ന ശ്രീ എം.എം ബിജുവിനാണ്. അറ്റാച്ച് ചെയ്തിരുന്ന കടയിലെ വെയിംഗ് മെഷീനിൽ ലീഗൽ മെട്രോളജി പതിപ്പിച്ച മുദ്ര പൊട്ടി കിടന്നിരുന്നു എന്നതുകൊണ്ടും മണ്ണെണ്ണ പ്രത്യേകം സൂക്ഷിച്ചില്ല എന്നതുകൊണ്ട് മാത്രം ലൈസൻസ് ദീർഘകാലം സസ്പെൻഡ് ചെയ്തു നിർത്തുന്നത് ഉചിതമല്ല. മുൻ ലൈസൻസിയുടെ സെയിൽസ് വുമൺ തന്നെയായിരുന്നു സസ്പെൻഷനു ശേഷവും ആ കടയിൽ തുടർന്നു വന്നിരുന്നത് എന്ന് താലൂക്ക് സപ്ലൈ ഓഫീസർക്ക് അറിവുള്ളതുമായിരുന്നു.

7. എ.ആർ.ഡി 353 സസ്പെൻഡ് ചെയ്ത സമയത്ത് സമീപത്ത് ധാരാളം മറ്റു കടകൾ ഉണ്ടായിരുന്നിട്ടും, 10 കിലോമീറ്റർ അകലെയുള്ള എആർഡി 125-ൽ ആണ് അറ്റാച്ച് ചെയ്തു നൽകിയത്. FPS No. 353 ന്റെ നടത്തിപ്പ് ചുമതല ടിയാൻ ഏറ്റെടുത്തതായി കാണുന്നില്ല എന്നതിന് വ്യക്തമായ രേഖകൾ VACB റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല. അതായത് FPS ന്റെ അധികാരപ്പെടുത്തിയ ലൈസെൻസിക്ക് മാത്രമേ FPS ന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുവാൻ കഴിയുകയുള്ളൂ. മുൻ ലൈസെൻസി നിയമിച്ച ആളിനെ FPS-ൽ സെയിൽസ് വുമൺ ആയി നിയമിക്കുന്നതിന് നിയമ തടസ്സമില്ല. ശ്രീ. ബിജു എം എം തന്റെ പേരിലുള്ള കടയിൽ നിന്നും വളരെ അകലെയുള്ള FPS 353 -ന്റെ താൽക്കാലിക നടത്തിപ്പ് ചുമതലയുള്ള വ്യക്തിയായിരുന്നു. FPS 353 ലെ സാധനങ്ങൾ സ്റ്റോർ ചെയ്യുന്നതിലെ അപാകതകളുടെ പേരിൽ ടിയാൻ സ്വന്തമായി നടത്തിയിരുന്ന FPS 125 ന്റെ ലൈസൻസ് സസ്പെൻഡ് ചെയ്യണമെന്ന ശുപാർശ നിയമാനുസൃതമല്ല. FPS 353 ന്റെ നടത്തിപ്പ് ചുമതലയില്ലാത്ത ശ്രീ.ജോർജ് തോമസ് കുറ്റക്കാരനാണെന്നു സ്ഥാപിക്കുന്നതിന് ആവശ്യമായ രേഖകൾ ഒന്നും VACB റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലാത്തതാകുന്നു. നിയമാനുസരണം നടത്തിപ്പ് ചുമതലയിലില്ലാത്ത ആളിനെതിരെ രേഖകളുടെ പിൻബലമില്ലാതെ നടപടികൾക്ക് ശുപാർശ ചെയ്യുന്നതും നീതിയുക്തമല്ല. 5/10/2019-ൽ നടത്തിയ വിജിലൻസ് പരിശോധനയെ തുടർന്നുള്ള അച്ചടക്ക നടപടികളുടെ ഭാഗമായി നാളിതുവരെയും ടി ലൈസൻസികൾ സസ്പെൻഷനിൽ തുടരുകയാണ്. ടി വിഷയത്തിൽ വിജിലൻസ് നടത്തിയ പരിശോധനയിലെ കണ്ടെത്തലുകൾക്കെതിരെ തൃശ്ശൂർ താലൂക്കിലെ ARD 353 ന്റെയും ARD 125 ന്റെയും മുൻ ലൈസൻസികൾ ബോധിപ്പിച്ച വിശദീകരണം തൃപ്തികരമാണ്.

8. മേൽ സാഹചര്യത്തിൽ എആർഡി 353 ന്റെ ലൈസൻസ് റദ്ദ് ചെയ്ത നടപടിയും 1 2 5 ന്റെ ലൈസൻസ് സസ്പെൻഡ് ചെയ്ത നടപടിയും പിൻവലിച്ച്

ലൈസൻസുകൾ പുനസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ജോയിന്റ് സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
2.ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
3.അഡ്വക്കേറ്റ് ജനറൽ,ഓഫീസ് ഓഫ് അഡ്വക്കേറ്റ് ജനറൽ, എറണാകുളം.(with C/L)
3. ജില്ലാ സപ്ലൈ ഓഫീസർ, തൃശ്ശൂർ.
4. താലൂക്ക് സപ്ലൈ ഓഫീസർ, തൃശ്ശൂർ.
5. കരുതൽ ഫയൽ (FCSD-B2/131/2020-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 21-08-2024 10:08:02
സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്